ഉത്തരം

(എ) വിവിധ ക്ഷേമ പദ്ധതികളനുസരിച്ച് വിതരണം ചെയ്യേണ്ട പെൻഷനുകളിൽ ചിലതിൽ കുടിശ്ശിക വന്നിട്ടുണ്ട്.

(ബി) കുടിശ്ശികയുള്ള പെൻഷനുകൾ കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) വിവിധ ക്ഷേമ പദ്ധതികൾ പ്രകാരം കുടിശ്ശികയുള്ള പെൻഷനുകൾ താഴെ പറയുന്നവയാണ്:

(1) ദേശീയ വാർദ്ധക്യകാല പെൻഷൻ 1 മാസം
(2) കർഷകത്തൊഴിലാളി പെൻഷൻ 24 മാസം
(3) ചുരുട്ടു തൊഴിലാളി പെൻഷൻ 4 മാസം

(ഡി) വിവിധ ക്ഷേമ പദ്ധതികൾ പ്രകാരം പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിലേക്ക് ആവശ്യമായി വരുന്ന തുക ഇപ്രകാരമാണ്.

(1) ദേശീയ വാർദ്ധക്യകാല പെൻഷൻ 134.28 ലക്ഷം രൂപ
(2) കർഷകത്തൊഴിലാളി പെൻഷൻ 16117.53 ലക്ഷം രൂപ
(3) ചുരുട്ടു തൊഴിലാളി പെൻഷൻ 1.85 ലക്ഷം രൂപ

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശികയുള്ള പെൻഷൻ വിതരണം ചെയ്യുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനസഹായം

13 |191| *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് വൺ ടൈം ഹെൽപ്പ് എന്ന പേരിൽ എത്ര പൊതുമേഖലാസ്ഥാപനങ്ങൾക്ക് എത്ര തുക വീതം സാമ്പത്തിക സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന് സർക്കാരിൽ നിന്ന് വൺ ടൈം ഹെൽപ്പ് ഒന്നും നൽകിയിട്ടില്ല. മറ്റു ഭരണവകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly